# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

ചോദ്യം നം.775      12.12.2012 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ: (തൃക്കരിപ്പൂർ ) | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളാണെന്നും വ്യക്തമാക്കാമോ? | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം ഇതിനകം 231 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. (ആരോഗ്യം , വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ജല അതോറിറ്റി, മൃഗസംരക്ഷണം) പ്രസ്തുത പ്രൊജക്ടുകൾക്കായി 12225.73 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊജക്ടുകളുടെ നടത്തിപ്പ് അതാത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ